Phone : 2749650, 2762504
**The Quilon Co-operative Urban Bank Ltd., No.960**
**HEAD OFFICE,**
Y.M.C.A. ROAD,
**KOLLAM-1.**

No. DC1109/15.07.-21/QCUBLHO

Date 15/07/2021

**വിഷയം : കോവിഡ്– 19 മഹാമാരി മൂലം സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്ന ബാങ്കിലെ വായ്പക്കാർക്ക് മോറട്ടോറിയം അനുവദിക്കുന്നത്, കാലാവധി നീട്ടുന്നത്, വായ്പാ പുനർ ക്രമീകരണം തുടങ്ങി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ റസല്യൂഷൻ ഫ്രെയിം വർക്ക് 2.0 പ്രകാരം പ്രഖ്യാപിച്ച ഇളവുകൾ നല്കുന്നത് സംബന്ധിച്ച്:–**

1. 2021 മാർച്ച് 31– ാം തീയതി സ്റ്റാന്റേർഡ് ആയി നില്ക്കുന്ന വായ്പകൾക്ക് മാത്രമേ ടി ഇളവുകൾ ലഭിക്കുകയുള്ളൂ.

2. ഇളവുകൾ കോവിഡ്– 19 പ്രകാരം പ്രതിസന്ധിയിലായ വായ്പക്കാർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

3. തിരിച്ചടവ് കാലാവധി, മോറട്ടോറിയം തുടങ്ങിയ കാര്യങ്ങളിൽ പ്രായോഗികതയും, തിരിച്ചടവിനുള്ള കഴിവും ബാങ്ക് കൃത്യമായി ബോദ്ധ്യപ്പെട്ടിരിക്കണം.

4. ടി പദ്ധതി പ്രകാരം പരമാവധി രണ്ട് വർഷം വരെയാണ് കാലാവധി നല്കുന്നത്.

5. ടി പദ്ധതി പ്രകാരം പരിഗണിക്കുന്ന വായ്പക്കാരന് റസല്യൂഷൻ ഫ്രെയിം വർക്ക് 1.0 പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടാകരുത്.

6. റസല്യൂഷൻ ഫ്രെയിം വർക്ക് 1.0 പ്രകാരം ലഭിച്ച ആനുകൂല്യം രണ്ട് വർഷത്തിൽ താഴെയാണെങ്കിൽ, 24 മാസത്തിൽ ബാക്കിയുള്ള കാലയളവ് ടി പദ്ധതിപ്രകാരം അനുവദിക്കാവുന്നതാണ്.

THE QUILON CO-OPERATIVE URBAN BANK LTD. HEAD OFFICE KOLLAM No. 960

Phone : 2749650, 2762504
The Quilon Co-operative
Urban Bank Ltd., No.960
HEAD OFFICE,
Y.M.C.A. ROAD,
KOLLAM-1.

No. Date............................

7. വ്യക്തിഗത വായ്പയിൽ പേഴ്സണൽ ലോൺ, ചെറുകിട ബിസിനസ് ആവശ്യത്തിനുള്ള വായ്പകൾ, ഹൗസിങ്ങ് ലോൺ തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.

8. ടി പദ്ധതി പ്രകാരം–

   a. തിരിച്ചടവ് പുനർ ക്രമീകരിക്കുക

   b. വായ്പയുടെ കിട്ടാനുള്ള പലിശക്ക് തുല്യമായ തുക ടേം ലോണായി നല്കുക

   c. അനുവദിച്ച പ്രവർത്തന മൂലധന പരിധി ഉയർത്തുക

   d. മോറട്ടോറിയം നല്കുക–

   തുടങ്ങിയ ഏതെങ്കിലും ആനുകൂല്യം നല്കാവുന്നതാണ്.

9. ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വായ്പക്കാരനിൽ നിന്നും അപേക്ഷ വാങ്ങേണ്ടതാണ്.

10. അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം അർഹതപ്പെട്ട വായ്പക്കാരനുമായി സംസാരിച്ച് തീരുമാനം എടുക്കേണ്ടതാണ്. ടി തീയതിയെ ഡേറ്റ് ഓഫ് ഇൻവൊക്കേഷൻ എന്നാണ് പറയുന്നത്. ഡേറ്റ് ഓഫ് ഇൻവൊക്കേഷന്റെ അവസാന തീയതി 30/09/2021 ആണ്.

11. ഡേറ്റ് ഓഫ് ഇൻവൊക്കേഷൻ മുതൽ 90 ദിവസത്തിനകം വായ്പകൾ പുനർ ക്രമീകരിക്കുകയോ, പദ്ധതിപ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ നടപ്പിയാക്കുകയോ വേണം. ആയതിനുള്ള പരമാവധി കാലാവധി 31/12/2021 വരെയാണ്.

THE QUILON CO-OPERATIVE URBAN BANK LTD. HEAD OFFICE KOLLAM No. 960

Phone : 2749650, 2762504

**The Quilon Co-operative Urban Bank Ltd., No.960**

**HEAD OFFICE,**
Y.M.C.A. ROAD,
**KOLLAM-1.**

No. Date..............................

12. എം.എസ്.എം.ഇ വായ്പകൾ പരമാവധി 50 ലക്ഷം രൂപ വരെയുള്ള വായ്പകളാണ് ടി പദ്ധതിയിൽ വരുന്നത്. റസല്യൂഷൻ ഫ്രെയിം വർക്ക് 1.0 പ്രകാരം ആനുകൂല്യം നല്കിയ എം.എസ്.എം.ഇ വായ്പകൾ ടി പദ്ധതിപ്രകാരം പരിഗണിക്കുന്നതല്ല.

13. അടക്കാനുള്ള തുകയുടെ 20% തുക വായ്പക്കാരൻ അടക്കുകയും വായ്പ സ്കീം ഇംപ്ലിമെന്റേഷന് മുൻപ് എൻ.പി.എ ആവാതിരിക്കുകയും ചെയ്താൽ പ്രൊവിഷന്റെ 50% തുക തിരികെ വരവു വയ്ക്കാവുന്നതാണ്. വായ്പക്കാരൻ 10% തുക കൂടി അടക്കുകയും, വായ്പ എൻ.പി.എയിൽ അല്ലാതിരിക്കുകയും ചെയ്താൽ ബാക്കിയുള്ള 50% പ്രൊവിഷൻ കൂടി തിരികെ വരവ് വയ്ക്കാവുന്നതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

THE QUILON CO-OPERATIVE URBAN BANK LTD. HEAD OFFICE KOLLAM No. 960